**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 677 08.08.2017 -ൽ മറുപടിക്ക്

**മലബാർ ക്രൂയിസ് ടൂറിസം പദ്ധതി**

**ചോദ്യം**

ശ്രീ. ടി.വി. രാജേഷ്

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

വടക്കൻ മലബാറിന്റെ വിനോദ സഞ്ചാര വികസനത്തിൽ വൻ കുതിപ്പേകുന്ന മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെയും നദീതട ടൂറിസം പദ്ധതിയുടെയും വിശദാംശം നൽകാമോ?

വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 'മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട്' നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കായലിലൂടെയും പുഴകളിലൂടെയും ഉള്ള വിനോദ സഞ്ചാരവും, വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണതയും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി ഈ പ്രദേശങ്ങൾ ഉൾപ്പെടുവരുന്ന ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരിൽ നിന്നുമുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനകം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 11.88 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു.

സെക്ഷൻ ഓഫീസർ.